## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 4579 26.10.2016-ൽ മറുപടിക്ക്

## വനാവകാശ നിയമം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. പാറയ്ക്കൽ അബ്ദുല്ല | | ശ്രീ. എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി) | |
| എ) | വനഭൂമിയിൽ ആദിവാസികൾക്ക് കൂടുതൽ അധികാരം നൽകുന്ന വനാവകാശ നിയമം അടിയന്തിരമായി നടപ്പിലാക്കാൻ കേന്ദ്രം കേരളത്തോടാവശ്യപ്പെടുകയുണ്ടായോ; | എ) | 2006 ൽ വനാവകാശ നിയമം നിലവിൽ വന്നയുടൻ തന്നെ കേരളത്തിൽ ഈ നിയമം നടപ്പാക്കിയിട്ടുള്ളതാണ്. അഖിലേന്ത്യാ തലത്തിൽ നിയമത്തിന്റെ നടത്തിപ്പ് അവലോകനം ചെയ്യാൻ ബഹു. പ്രധാനമന്ത്രി 22.04.2014 ന് വിളിച്ച അവലോകന യോഗത്തിലെ തീരുമാന പ്രകാരം 10.06.2015 ന് ഇതു സംബന്ധിച്ച് ഒരു കത്ത് ലഭിക്കുകയുണ്ടായി. |
| ബി) | എന്നാൽ ഇതു സംബന്ധിച്ച് അവസാന നിർദ്ദേശം കേന്ദ്രത്തിൽ നിന്ന് എന്നാണ് സംസ്ഥാനത്തിന് ലഭിച്ചതെന്ന് വ്യക്തമാക്കുമോ; | ബി) | മിനിസ്ട്രി ഓഫ് ട്രൈബൽ അഫയേഴ്സ് സെക്രട്ടറിയുടെ 10.06.15 ലെ ഡി.ഒ.-23011/18/2015 കത്ത് പ്രകാരം അർഹരായ ഗുണഭോക്താക്കൾക്ക് എഫ്.ആർ.എ. നിയമ പ്രകാരം ആർ.ഒ.ആർ. 31.12.2015 നകം വിതരണം ചെയ്യണമെന്ന് നിർദ്ദേശിച്ചിരുന്നു. |
| സി) | നിയമം സമയബന്ധിതമായി നടപ്പാക്കുന്നതിന് ഒരു സെൽ രൂപീകരിക്കാൻ കേന്ദ്രം നിർദ്ദേശിക്കുകയുണ്ടായോ; | സി) | നിയമം സമയബന്ധിതമായി നടപ്പിലാക്കുന്നതിന് സെൽ രൂപീകരിക്കുവാൻ മിനിസ്ട്രി ഓഫ് ട്രൈബൽ അഫയേഴ്സ് സെക്രട്ടറിയുടെ 10.06.2015 ഡി.ഒ.-23011/18/2015 നമ്പർ കത്തിൽ നിർദ്ദേശിച്ചിട്ടുണ്ട്. |
| ഡി) | എങ്കിൽ ഇതു സംബന്ധമായി ഇതിനകം കൈക്കൊണ്ട നടപടികൾ എന്തൊക്കെ; നിയമം എന്നത്തേക്ക് നടപ്പാക്കാനാകും എന്ന് വ്യക്തമാക്കുമോ? | ഡി) | വനാവകാശ നിയമം ഫലപ്രദമായും കാര്യക്ഷമമായും നടപ്പിലാക്കുന്നതിന് എസ്.ടി. പ്രൊമോട്ടർമാർ, എസ്.ഡി.എൽ.സി. / ഡി.എൽ.സി. മെമ്പർമാർ, എഫ്.ആർ.സി. അംഗങ്ങൾ എന്നിവർക്ക് പരിശീലന പരിപാടി സംഘടിപ്പിക്കേണ്ടത് അനിവാര്യമാണെന്ന് ബോധ്യപ്പെട്ട സാഹചര്യത്തിൽ പ്രോജക്ട് ഓഫീസർമാർ / ട്രൈബൽ ഡവലപ്മെന്റ് ഓഫീസർമാർ തലത്തിൽ പരിചയ സമ്പന്നരായ എൻ.ജി.ഒ. കളെ ഉൾപ്പെടുത്തി |

| | | | |
|---|---|---|---|
| | | | ഏകദിന സെമിനാർ നടത്തിയിട്ടുണ്ട്.<br>2015-16 ലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുപ്പിലൂടെ തെരഞ്ഞെടുക്കപ്പെട്ട ബ്ലോക്ക്/ജില്ലാ പഞ്ചായത്ത് മെമ്പർമാരെ ഉൾപ്പെടുത്തി സബ് ഡിവിഷണൽ ലെവൽ കമ്മിറ്റി / ഡിവിഷണൽ ലെവൽ കമ്മിറ്റി പുനഃസംഘടിപ്പിക്കേണ്ടതുണ്ട്. ആയതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇത് പൂർത്തിയായതിനു ശേഷമേ വനാവകാശ നിയമ പ്രകാരം ഇപ്പോൾ ലഭിച്ചിട്ടുള്ള എല്ലാ അപേക്ഷകളിലും തീർപ്പാക്കാൻ കഴിയുകയുള്ളൂ. ഇതുവരെ ലഭിച്ച അപേക്ഷകളിന്മേൽ 31.12.2016 നകം അന്തിമ തീരുമാനമെടുത്ത് കൈവശാവകാശം നൽകുന്നതിന് ലക്ഷ്യമിട്ടാണ് പ്രവർത്തനം ചിട്ടപ്പെടുത്തിയിരിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**